# കാഴ്ച

ഫാ. ഗ്രിംബാൾഡ് ലന്തപ്പറമ്പിൽ

ഒരുവൻ 'സോഷ്യൽ മീഡിയ'യിൽ
'പോസ്റ്റ്' ചെയ്യുന്നത്,
അവനെത്തന്നെ
അനാവൃതനാക്കും.

നിറഞ്ഞിരിക്കും,
ഓരോ പോസ്റ്റിലും,
അവന്റെ ആശയലോകം,
ചരിത്രബോധം,
ഭാഷാശുദ്ധി,
കുടുംബസംസ്കാരം,
ആത്മീയ ആഴം,
സ്വപ്നങ്ങൾ,
ജീവിത സത്യം,
അറിവ്, ജ്ഞാനം,
സാമൂഹ്യനിലപാടുകൾ
മര്യാദ, നീതിബോധം
നർമ്മ ബോധം
പിന്നെ, ഉള്ളും.

ശ്രദ്ധിച്ചുനോക്കിയാൽ,
'പോസ്റ്റ്' എന്ന
ഉണ്ണിയെ കണ്ടാലറിയാം,

ഇട്ടവന്റെ
ഉള്ളിലുള്ള ഊരിലെ
പഞ്ഞമോ,
സമൃദ്ധിയോ.

ഒരു ലത്തീൻ പഴഞ്ചൊല്ല്:
“നേമോ ദാത്ത്
ക്വാദ് നോൺ ഹാബെത്ത്.”
‘ഇല്ലാത്തത്
കൊടുക്കാനാവില്ല.’

സെന്റ് പോൾ പറയുന്നു:
“ഹൃദയത്തിന്റെ തികവിൽ നിന്ന്
അധരങ്ങൾ സംസാരിക്കുന്നു.”

സുഭാഷിതങ്ങൾ പറയുന്നു:
“ഭോഷനോട്
അവന്റെ വിഡ്ഢിത്തത്തിനൊപ്പിച്ച്
മറുപടി പറയരുത്.
നീയും
അവന് തുല്യമെന്ന് വരും.”
‘പരിഹാസകനെ തിരുത്തുന്നവന്
ശകാരം കിട്ടും.
ദുഷ്ടനെ കുറ്റപ്പെടുത്തുന്നവന്
ക്ഷതമേൽക്കേണ്ടിവരും.’
‘സോഷ്യൽ മീഡിയ’യിലും
സത്യമാണിത്.

തീർച്ചയായും,
നമുക്ക്
വകതിരിവു വേണം.

വെള്ളത്തിൽ മുഖം
പ്രതിബിംബിക്കുന്നതുപോലെ
ഒരുവന്റെ ‘പോസ്റ്റ്’
അവനവനെത്തന്നെ
പ്രതിഫലിപ്പിക്കുന്നു.

സൂക്ഷിക്കണം.
നീ പെയ്ത വാക്കുകൾ
പ്രളയമായ് നിന്നിലേക്ക്
തിരികേ വന്നേക്കാം.
നീ തൊടുത്ത ദ്വയാർത്ഥങ്ങൾ
ബുമറാംഗുകൾപോലെ
കറങ്ങി വന്നേക്കാം.

ശ്രദ്ധിക്കണം.
വളരെ വളരെ.
അല്ലെങ്കിൽ
നിന്റെ പോസ്റ്റുകൾ തന്നെ
നിന്നെ ഒറ്റിക്കൊടുക്കും,
നിന്നെ തള്ളിപ്പറയും.

കാരണം,
ഓലയിൽ വരച്ചത് മായും,
പുസ്തകത്തിൽ കുറിച്ചത് മങ്ങും,

പക്ഷേ,
'സോഷ്യൽ മീഡിയ'യിൽ
കുറിച്ചത് മായില്ല.
മനസ്സിൽ, പതിഞ്ഞത് മങ്ങില്ല.

ഈശോയുടെ മുന്നറിയിപ്പ്:
"ഓരോ വ്യർത്ഥവാക്കിനും
കണക്കുകൊടുക്കേണ്ടിവരും:
നിന്റെ വാക്കുകളാൽ
നീ നീതികരിക്കപ്പെടും
നിന്റെ വാക്കുകളാൽത്തന്നെ
നീ കുറ്റം വിധിക്കപ്പെടും."

ഉള്ളിലുണ്ടാവണം
നിന്നെ
ക്രൂശിക്കാനുള്ളവർ,
എപ്പോഴും
നിന്റെ  ചുറ്റുവട്ടത്തുണ്ട്.

അറിയൂ,
നിന്റെ ഓരോ 'പോസ്റ്റും'
അപരന്
ഗോൾ അടിക്കാൻ പാകത്തിൽ
സദാ തുറന്നുകിടക്കുന്ന,
ഗോളിയില്ലാത്ത
"പോസ്റ്റ്" ആണ്.

ഇത്
എന്റെ ആത്മഗതം.